REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-01-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിൽ ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പവിത്രമായ പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഉദ്ഘാടനം ചെയ്യും.**
- **ഇന്ന് മന്നം ജയന്തി. മന്നത്തു പത്മനാഭൻ നൽകിയ സംഭാവനകൾ പ്രചോദനാത്മകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഉജ്ജ്വല ബാല്യ പുരസ്കാര വിതരണം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു.**
- **13-ാമത് ദേശീയ സരസ് മേളയ്ക്ക് വൈകീട്ട് പാലക്കാട്ട് തുടക്കമാകും.**
- **തുഞ്ചൻ ഉത്സവത്തിന് തിരൂർ തുഞ്ചൻപറമ്പിൽ തുടക്കമായി.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിൽ ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പവിത്രമായ പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഉദ്ഘാടനം ചെയ്യും. 1898-ൽ കണ്ടെത്തിയ പിപ്രാഹ്വ തിരുശേഷിപ്പുകൾക്ക് ബുദ്ധമത ചരിത്ര പഠനത്തിൽ അതീവ പ്രാധാന്യമുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ അറിവ് നൽകാൻ അത്യാധുനിക ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ ഇന്നും നാളെയും തമിഴ്നാട്ടിൽ സന്ദർശനം നടത്തും. ചെന്നൈയിലും വെല്ലൂരിലും വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. ഇന്ന് ചെന്നൈയിലെ ഡോ. MGR വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് രാംനാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. ചെന്നൈ ലോക് ഭവനിൽ, തമിഴ്നാട് ഗവൺമെന്റ് സംഘടിപ്പിക്കുന്ന പൗര സ്വീകരണത്തിലും അദ്ദേഹം സംബന്ധിക്കും. നാളെ ചെന്നൈയിൽ 9-ാം സിദ്ധ ദിനാഘോഷത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

രാജ്യത്തെ ഗാർഹിക ആവശ്യ LPG സിലിണ്ടറുകളുടെ വിലയിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം വ്യക്തമാക്കി. സിലിണ്ടറുകളുടെ വില വർദ്ധിപ്പിച്ചതായി ചില മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളെ തുടർന്നാണ് വിശദീകരണം. 950 രൂപ വിലയുള്ള 14.2 കിലോ സിലിണ്ടർ ഡൽഹിയിലെ PMUY അല്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്ക് 850 രൂപ നിരക്കിലും പ്രധാനമന്ത്രി ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്ക് 553 രൂപയിലും ലഭ്യമാണെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ന് മന്നം ജയന്തി. 149-ാമത് മന്നം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി ചങ്ങനാശ്ശേരി പെരുന്നയിലെ എൻഎസ്എസ് ആസ്ഥാനത്ത് വിപുലമായ ആഘോഷങ്ങളുടെ ഭാഗമായി മന്നം സമാധിയിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് പൊതുസമ്മേളനം ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്തു.

✪✪✪

ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീ ശാക്തീകരണം തുടങ്ങിയ മേഖലകളിൽ മന്നത്തു പത്മനാഭൻ നൽകിയ സംഭാവനകൾ പ്രചോദനാത്മകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സമൂഹത്തെ സേവിക്കാൻ ജീവിതം സമർപ്പിച്ച ഉന്നത വ്യക്തിത്വത്തെ ആദരവോടെ സ്മരിക്കുന്നതായും മന്നം ജയന്തി ദിനത്തിൽ പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. അന്തസ്സിലും സമത്വത്തിലും സാമൂഹിക പരിഷ്കരണത്തിലുമാണ് യഥാർത്ഥ പുരോഗതി വേരൂന്നിയതെന്ന് വിശ്വസിച്ച ഒരു ദാർശനികനായിരുന്നു മന്നത്തു പത്മനാഭനെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.

ഉന്നത മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വയം സമർപ്പിച്ച സാമൂഹിക പരിഷ്കർത്താവും ദേശസ്നേഹിയുമായിരുന്നു മന്നത്ത് പദ്മനാഭൻ എന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. സാമൂഹിക പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് ജീവിതകാലം മുഴുവൻ നടത്തിയ പോരാട്ടത്തിലൂടെ നീതിയുക്തമായ സമൂഹത്തിന് മന്നത്ത് പത്മനാഭൻ വഴിയൊരുക്കിയതായും അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിൽ നവോത്ഥാന പ്രസ്ഥാനത്തിന്റെ നെടുനായകത്വം വഹിച്ചവരിൽ ഒരാളാണ് മന്നത്ത് പത്മനാഭനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉച്ചനീചത്വങ്ങൾക്കും സാമൂഹിക അനാചാരങ്ങൾക്കുമെതിരെ സംഘടിത പ്രതിരോധം ഉയർത്തുന്നതിൽ മന്നത്ത് പത്മനാഭൻ വലിയ പങ്കുവഹിച്ചതായി മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

വർണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഉദ്ഘാടനവും ഉജ്ജ്വല ബാല്യ പുരസ്കാര വിതരണവും മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവ്വഹിച്ചു. സംസ്ഥാനത്തെ ഗവണ്മെന്റ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പുറമേ നിർഭയ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന എൻട്രി ഹോമുകളിലെ കുട്ടികളേയും ഉൾപ്പെടുത്തി 22 മത്സരയിനങ്ങളിലായി ആയിരത്തോളം പേരാണ് ചിൽഡ്രൻസ് ഫെസ്റ്റിൽ പങ്കെടുക്കുന്നത്. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത കുട്ടികൾക്കാണ് ഉജ്ജ്വല ബാല്യം പുരസ്കാരം സമ്മാനിച്ചത്.

ഓരോ ജില്ലയിൽ നിന്നും വിവിധ വിഭാഗത്തിൽപ്പെട്ട നാല് കുട്ടികൾക്കാണ് അവാർഡ്.

✪✪✪

സംസ്ഥാനത്തെ നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കത്തിന് രൂപം നൽകാൻ കോൺഗ്രസ് നേതൃയോഗം ഈ മാസം 4,5 തിയതികളിൽ വയനാട് ബത്തേരിയിൽ ചേരും. മറ്റന്നാൾ രാവിലെ AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ നേതൃയോഗം ഉദ്ഘാടനം ചെയ്യും.

കോർകമ്മിറ്റി, രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ, MLA മാർ, MP മാർ, KPCC ഭാരവാഹികൾ എന്നിവരടക്കം ഇരുന്നൂറോളം പേർ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ തദ്ദേശ തെരഞ്ഞെടുപ്പിൽ പാർട്ടി അവസരവാദ നിലപാട് സ്വീകരിച്ചിട്ടില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V.ഗോവിന്ദൻ പറഞ്ഞു. ജനവിധി അംഗീകരിക്കുന്ന നിലപാടാണ് പാർട്ടിക്കെന്നും അദ്ദേഹം കോഴിക്കോട്ട് അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ നിയമസഭാ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന EVM, VV-പാറ്റ് എന്നിവയുടെ പ്രാഥമിക പരിശോധന നാളെ ആരംഭിക്കും. തിരുവനന്തപുരം കലക്ടറേറ്റിലാണ് നടപടിക്രമങ്ങൾ. പരിശോധനയ്ക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ക്രമീകരണങ്ങളും പൂർത്തിയായി. ഫെബ്രുവരി 16 വരെയാണ് പരിശോധന.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണ നടപടിയുടെ തുടർച്ചയായി നിയമസഭാ തിരഞ്ഞെടുപ്പിന്റെ കരടുപട്ടികയിലുൾപ്പെട്ട പതിനാലര ലക്ഷത്തോളം പേർക്ക് ഹിയറിംഗിന് നോട്ടീസ് തയ്യാറായി. BLO മാർ വീടുകളിലെത്തി വോട്ടർമാർക്ക് നോട്ടീസ് നൽകുന്ന നടപടിയ്ക്കും തുടക്കമായി. വോട്ടർമാർക്ക് നോട്ടീസിന്റെ പകർപ്പ് നൽകിയതിനു ശേഷം BLO മാർ അസ്സൽ നോട്ടീസ് ഒപ്പിട്ട് വാങ്ങും. തുടർന്ന് വോട്ടറുടെ ഫോട്ടോ എടുത്ത ശേഷം മൊബൈൽ വഴി അപ്‌ലോഡ് ചെയ്യും.

✪✪✪

കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന 13-ാമത് ദേശീയ സരസ് മേളയ്ക്ക് ഇന്ന് പാലക്കാട് ചാലിശ്ശേരിയിൽ തുടക്കമാകും. വൈകിട്ട് മുലയംപറമ്പ് മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നിയമസഭാ സ്പീക്കർ A.N.ഷംസീർ, മന്ത്രിമാരായ K.കൃഷ്ണൻകുട്ടി, M.B.രാജേഷ് എന്നിവർ പങ്കെടുക്കും. ഉദ്ഘാടനത്തിന് മുന്നോടിയായി ഉച്ചയ്ക്ക് വിളംബര ഘോഷയാത്ര സംഘടിപ്പിച്ചിട്ടുണ്ട്.

കേരളം ഉൾപ്പെടെ 28 സംസ്ഥാനങ്ങളിൽ നിന്നും, എട്ട് കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും 250 പ്രദർശന വിപണന സ്റ്റാളുകളാണ് ഉണ്ടാവുക. ഈ മാസം 11 വരെയാണ് ദേശീയ സരസ്മേള.

✪✪✪

വയനാട് പൂപ്പൊലി അന്താരാഷ്ട്ര പുഷ്പമേളയ്ക്ക് തുടക്കമായി. കേരള കാർഷിക സർവ്വകലാശാലയും കാർഷിക വികസന - കർഷകക്ഷേമ വകുപ്പും ചേർന്ന് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന പുഷ്പമേള, വൈകിട്ട് മന്ത്രി P.പ്രസാദ് ഉദ്ഘാടനം ചെയ്യും.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ് .......

.........(വോയ്സ് )............

✪✪✪

തുഞ്ചൻ ഉത്സവത്തിന് തിരൂർ തുഞ്ചൻപറമ്പിൽ തുടക്കമായി. തമിഴ് സാഹിത്യകാരൻ S.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തുഞ്ചൻപറമ്പിലെ തുറന്ന ഓഡിറ്റോറിയത്തിന് 'M.T.വേദി' എന്ന് കെ.ജയകുമാർ നാമകരണം ചെയ്തു. പുസ്തകോത്സവം MP അബ്ദുസ്സമദ് സമദാനി MP ഉദ്ഘാടനം ചെയ്തു.

തുഞ്ചൻ കലോത്സവം വൈകീട്ട് കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യും. ഈ മാസം ആറിനാണ് തുഞ്ചൻ ഉത്സവം സമാപിക്കുന്നത്.

✪✪✪

സംസ്ഥാനത്തെ പഞ്ചായത്ത് പ്രസിഡന്റുമാരുമായി കില ആസ്ഥാനത്ത് മന്ത്രി MB രാജേഷ് നാളെ കൂടിക്കാഴ്ച നടത്തും. രാവിലെയും വൈകിട്ടും രണ്ട് സെഷനുകളായാണ് ചടങ്ങ്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ അധ്യക്ഷന്മാരുടെ സംഗമം രാവിലെയും, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ അധ്യക്ഷന്മാരുടെ സംഗമം ഉച്ചയ്ക്കുമാണ്.

നേതൃകഴിവുകൾ ശക്തിപ്പെടുത്തൽ, വികേന്ദ്രീകൃത ആസൂത്രണം, വികസന പരിപാടികളുടെ സംയോജനം, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ പങ്ക് എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ചർച്ചകൾ.

✪✪✪

അഗ്നിരക്ഷാസേനയുടെ ഫയർ ആൻഡ് സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസേർച്ച് സെന്റർ കണ്ണൂരിൽ. കേന്ദ്രത്തിന് മറ്റന്നാൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ......

.........(വോയ്സ് )............

✪✪✪

മന്ത്രി G.R അനിൽ പൊതുജനങ്ങളുമായി നേരിട്ടു സംവദിക്കുന്ന പ്രതിമാസ ഫോൺ - ഇൻ പരിപാടി നാളെ ഉച്ചയ്ക്ക് 2 മുതൽ നടത്തും. ഭക്ഷ്യ പൊതുവിതരണ ലീഗൽ മെട്രോളജി ഉപഭോക്തൃകാര്യ വകുപ്പുകളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും മന്ത്രിയെ നേരിട്ട് അറിയിക്കാം.

✪✪✪

മകരവിളക്ക് മഹോത്സവത്തിന് രണ്ടാഴ്ച ശേഷിക്കേ ശബരിമലയിൽ തിരക്കേറി. നിലയ്ക്കൽ മുതൽ ഭക്തരെ നിയന്ത്രണങ്ങളോടെയാണ് കയറ്റിവിടുന്നത്. ഇന്നലെ 87,774 തീർഥാടകർ ദർശനത്തിനെത്തി.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ......

.........(വോയ്സ് )............

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: അനുഷ ആത്മപ്രകാശ്, പ്രവീൺ*
*DEO : ഷീബ*